കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/186/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി : 22.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ മുഖേന)
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/186/2019 തീയ്യതി: 22.02.2019

# കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 13-9-2017 മുതൽ 3-2-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം. പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 4-2-2019 മുതൽ 15-2-2019 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജോഷ്. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ലതീഷ് കുമാർ. കെ.കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശോഭ. യു. പി. | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. എം. ചന്ദ്രൻ. | 1-4-2017 മുതൽ 10-4-2017 വരെ |
| | ശ്രീമതി. നിഷഅച്ച്യുതൻ. (അസിസ്റ്റന്റ് സെക്രട്ടറി) സെക്രട്ടറിയുടെ അധിക ചുമതല | 11-4-2017 മുതൽ 7-5-2017 വരെ 18-8-2017 മുതൽ 2-10-2017 വരെ |
| | ശ്രീ. രാജൻ. കെ. | 8-5-2017 മുതൽ 15-6-2017 വരെ |
| | ശ്രീ. പ്രദീപൻ തെക്കെകൊട്ടിൽ | 16-6-2017 മുതൽ 17-8-2017 വരെ 3-10-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. നിഷ അച്ച്യുതൻ. | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. രാജീവൻ. ടി. | 1-4-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സുജ കാറാട്ട് | 1-4-2017 മുതൽ 8-11-2017 വരെ |
| | ശ്രീ. വിനീത്. പി. വി. | 9-11-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ.( മാനന്തേരി) | ശ്രീ. വിൽഫ്രഡ് സാജൻ | 1-4-2017 മുതൽ 6-10-2017 വരെ |
| | ശ്രീമതി. രാജശ്രീ. വി | 7-10-2017 മുതൽ 31-3-2018വരെ |
| വി.ഇ.ഒ. (കണ്ണവം) | ശ്രീ. ബാബു. എം. | 1-4-2017 മുതൽ 31-1-2018 വരെ |
| | ശ്രീമതി. വിനയ. കെ. | 1-2-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഷറീജ് ജനാർദ്ദനൻ. | 1-4-2017 മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. രവി പ്രസാദ്. | 1-4-2017 മുതൽ<br>31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. റീന കുമാരി. കെ. | 1-4-2017 മുതൽ<br>30-9-2017 വരെ |
| | ശ്രീമതി. സുശീല. എസ്. | 1-10-2017 മുതൽ<br>31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പുരുഷോത്തമൻ കോമത്ത് | 1-4-2017 മുതൽ<br>31-3-2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ് | 2-1 |
| 14 | തൊഴിൽ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-2 |
| 15 | ഡി & ഒ ട്രേഡ് ലൈസൻസ് - അപാകങ്ങൾ | 2-3 |
| 16 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ലസേവന ഉപനികുതി ചുമത്താവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ് | 2-4 |
| 17 | സേവന ഉപനികുതി ചുമത്താവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ് | 2-5 |
| 18 | ശമ്പള പരിഷ്കരണ കുടിശ്ശിക ആധികം അനുവദിച്ചത് തിരിച്ചടക്കേണ്ടതാണ്. | 3-1 |

| | | |
|---|---|---|
| 19 | പ്രാദേശിക വിപണനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 3-2 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയത് അനുചിതം | 3-3 |
| 21 | ചെലവ് തുകകളുടെ തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല | 3-4 |
| 22 | സാന്ത്വന പരിചരണ പദ്ധതി മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 3-5 |
| 23 | പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. | 3-6 |
| 24 | ഇടുമ്പ സ്കൂളിന് ക്ലാസ് നിർമ്മാണം - ₹1,90,938 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 36 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 37 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 38 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 21-3-2017 ലെ 32/17 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28-3-2018ലെ 66/18-)ാ നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവിരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 1,88,69,852 | 1,09,95,528 |
| വരവ് | 13,69,31,500 | 10,54,41,389 |
| ആകെ | 15,58,01,352 | 11,64,36,917 |
| ചെലവ് | 13,39,77,100 | 10,30,14,525 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 2,18,24,252 | 1,34,22,392 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2018 | 31-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 28-6-2018 മുതൽ 29-6-2018 വരെ | കെ.എസ്എ/കെ.എൻ.ആർ/ സി.8/ 1291/2018. തീയ്യതി : 30-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 16199507.75 |
| വരവ് | 45866899 |
| ആകെ | 62066406.75 |
| ചെലവ് | 48046892 |
| നീക്കിയിരിപ്പ് | 14019514.75 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 12108000 | 12108000 | 10625280 | 1482720 |
| വികസന ഫണ്ട്-എസ്.സി.പി | - | 541669 | 541669 | 541669 | - |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 3250679 | 3250679 | 2870322 | 380357 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 5139000 | 5139000 | 5139000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2872000 | 2872000 | 2267556 | 604444 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 10571452 | 10571452 | 6642775 | 3928677 |
| സാക്ഷരത | | 18839 | 1286 | 20125 | 454 | 19671 |
| ദുരിതാശ്വാസനിധി | | 51432 | 69072 | 120504 | 70000 | 50504 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 16082910 | 16082910 | 16082910 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 15351 | 1000717 | 1016068 | 996961 | 19107 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.അനുപൂരക പോഷകാഹാരം | | 839642 | 714808 | 1554450 | 1376656 | 177794 |
| 2. എം.പി. ഫണ്ട് | | 41654 | 1891 | 43545 | 22148 | 21937 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 60000 | 703425 | 763425 | 763425 | - |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | - | - | - | - | - |
| ബി ഫണ്ട് | | - | 44349240 | 44349240 | 44349240 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6142364 | 5030966 | 11173330 | 7269623 | 3903707 |
| | ട്രഷറി അക്കൗണ്ട് | 9270170 | 8847308 | 18117478 | 9261313 | 8856165 |

ജനറൽ പർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വിവരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 145 | 50148638 | 119 | 34736720 | 29 | 26 | 62.07 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 15 | 11 | 3583621 | 2607048 | 72.75 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 774275 | 553876 | 71.53 |
| 3 | അസിസ്റ്റന്റ് | 61 | 45 | 27072388 | 16387376 | 60.53 |

| | | | | | | |
|---|---|---|---|---|---|---|
| | എഞ്ചിനീയർ | | | | | |
| 4 | കൃഷി ഓഫീസർ | 15 | 15 | 3443850 | 2634977 | 76.51 |
| 5 | വി.ഇ.ഒ. കണ്ണവം | 10 | 9 | 3791500 | 2881500 | 76 |
| 6 | വി.ഇ.ഒ മാനന്തേരി | 3 | 2 | 1635000 | 1280000 | 78.29 |
| 7 | മെഡിക്കൽ ഓഫീസർ PHC | 2 | 2 | 750000 | 649825 | 86.64 |
| 8 | വെറ്റിനറി സർജൻ | 5 | 5 | 2448983 | 1789934 | 73.09 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 3907400 | 3605330 | 92.27 |
| 10 | ഹെഡ് മാസ്റ്റർ | 18 | 17 | 2741621 | 2346854 | 85.6 |
| | ആകെ | 145 | 119 | 50148638 | 34736720 | 69.27 |

ഗ്രാമസഭ

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 15വാർഡുകളിലും 4 തവണ വീതം ഗ്രാമസഭായോഗങ്ങളും 5 ഊര്കൂട്ടങ്ങളിൽ 3 വീതം യോഗങ്ങളും ചേർന്നിട്ടുണ്ട്. കരട് പദ്ധതി രേഖ അംഗീകരിക്കൽ, വാർഷിക പദ്ധതി കരട്ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭയിലെ പ്രധാന ചർച്ചാവിഷയങ്ങളായിട്ടുള്ളത്. കൂടാതെ തൊഴിലുറപ്പ് പദ്ധതികൾ, ക്ഷേമപെൻഷനുകൾ, മഴക്കാല രോഗ പ്രതിരോധം, വിമുക്തി (ലഹരി മുക്ത ഗ്രാമം), ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ചും ഗ്രാമസഭയിൽ ചർച്ചചെയ്യിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും മറ്റ് ഓഡിറ്റ് റിപ്പോർട്ടുകളൊന്നും ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഗ്രാമസഭാ യോഗങ്ങളിൽ ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണുള്ളത്. സമൂഹത്തിലെ അർഹരായവർക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുകയും ജനങ്ങൾ നിർദ്ദേശിക്കുന്ന മേഘലകളിൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് വികസനം സാധ്യമാക്കുക എന്ന ലക്ഷ്യമാണ് ഗ്രാമസഭകൾക്ക് നിർവ്വഹിക്കാനുള്ളത് ആയതിനാൽ

ഭരണനിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.01.2017-ലെ സ.ഉ.(എം.എസ്) 10/2017 പ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 13.01.2017-ലെ 01/17 നമ്പർ തീരുമാനപ്രകാരം 16 അംഗങ്ങളുള്ള പഞ്ചായത്തുതല ആസൂത്രണസമിതിയും വിവിധ വിഷയമേഖലകളിൽ 13 വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിട്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിട്സ് സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാഹരണത്തിന് 27.04.2017, 06.05.2017, 26.02.2018 എന്നീ തീയ്യതികളിൽ നടന്ന ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിന്റെയും 06.05.2017, 26.02.2018 എന്നീ തീയ്യതികളിൽ നടന്ന മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പിന്റെയും മിനിട്സിൽ അംഗങ്ങളുടെ ഹാജർ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതത് വർഷങ്ങളിലെ പദ്ധതി രൂപീകരണവും മോണിറ്ററിംഗും നടത്തുന്നുണ്ടെന്ന് ആസൂത്രണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പും അതത് വിഷയമേഖലകളിൽ പഞ്ചായത്തിന് ബാധകമാകുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് അഭിപ്രായരൂപീകരണം നടത്തി പ്രോജക്ട് നിർദ്ദേശങ്ങൾ മുൻഗണന നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന്റെ പരിഗണനയ്ക്ക് നൽകുകയും പദ്ധതി അംഗീകരിച്ചതിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും ചെയ്യുക എന്ന സുപ്രധാന ചുമതലയാണ് ആസൂത്രണ പ്രക്രിയയിൽ നിർവഹിക്കേണ്ടത്. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണ ഘട്ടത്തിൽ യോഗം ചേർന്ന് പദ്ധതി രൂപീകരണം നടത്തുകയും അതിന്റെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും മോണിറ്ററിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15351 | 1000717 | 1016068 | 996961 | 19107 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 16082910 | 16082910 | 16082910 | - |
| ആകെ | 15351 | 17083627 | 17098978 | 17079871 | 19107 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 74280 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 7735200 | 699 |
| വിധവാ പെൻഷൻ | 12463500 | 1066 |
| വാർദ്ധക്യകാല പെൻഷൻ | 18059300 | 1475 |
| വികലാംഗ പെൻഷൻ | 3219300 | 295 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2634700 | 228 |
| വിവാഹ ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-2-2019 ന് 4.32 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,517 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായിട്ടുള്ള ജീവനക്കാരുടെ യോഗം ഓഡിറ്റ് കാലയളവിൽ എട്ട് തവണ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന ജോലി വിഭജനം നൽകുകയും, കുടിശ്ശിക നികുതി പിരിച്ചെടുക്കുവാനും അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ്പ് മെമ്മോ നൽകുവാനും, പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനും ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇൻകംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ യോഗങ്ങൾ ചേരുകയും പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളും തുടർ നടപടികളും അവലോകനം ചെയ്യുന്നതിനായി

നിശ്ചിത പെർഫോമയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ കാണുന്നില്ല. തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8-11-2010 | 2005-06 മുതൽ 2009-10 വരെ | 20-12-2010 |
| പെർഫോമൻസ് ഓഡിറ്റ് | 14-1-2019 | 1-7-2018 മുതൽ 31-12-2018 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വസ്തു നികുതി തൻ വർഷ ഡിമാന്റ്, കലക്ഷൻ, നീക്കിയിരിപ്പ് / വസ്തു നികുതി കുടിശ്ശിക കലക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയും സഞ്ചയയും പൊരുത്തപ്പെടുന്നില്ല.

3.കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയിൽ ഫൈനൽ ബിൽ നൽകിയ പ്രവൃത്തികൾ ആസ്തിയാക്കി മാറ്റിയത് നിരീക്ഷിക്കുന്നതിന്റെ വർക്ക് ഷീറ്റ് സൂക്ഷിക്കുന്നില്ല.

4.മൂന്ന് മാസത്തിലധികമായി പണമാക്കാത്ത് ചെക്കുകളുടെ തുക " കാലാവധി കഴിഞ്ഞ ചെക്കുകൾ “ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഈ തുക B-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല. "കാലാവധി കഴിഞ്ഞ ചെക്കുകൾ “ എന്ന ശീർഷകത്തിന്റെ ലഡ്ജർ ഹാജരാക്കിയിട്ടില്ല.

5.ട്രയൽ ബാലൻസിൽ ( കോഡ് നമ്പർ 310900101 ) Excess of Income Over Expenditure തുക ₹13019699.60 രേഖപ്പെടുത്തുന്നതിന് പകരം ₹3365192.40 യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂളിൽ (കോഡ് നമ്പർ 310900101 ) Excess of Income Over Expenditure തുക ₹ 13019699.60 യാണ്.

## ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 2017-2018 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി ഡിമാന്റ് ₹3259803 യും സഞ്ചയ സോഫ്റ്റ് വെയർ പ്രാകാരം ഡിമാന്റ് ₹3290733 യുമാണ്. സഞ്ചയയിലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2013 ഒന്നാം അർദ്ധവർഷം മുതൽ ചില കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശികയായി ഉണ്ട്. വസ്തു നികുതി പരിഷ്കരണം പൂർത്തീകരികരിക്കുന്നതിന് വേണ്ടി നിയമ പ്രകാരമുള്ള മുഴുവൻ കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടു എന്ന് ഉറപ്പ് വരുത്തേണ്ടതും മുഴുവൻ നികുതിയും പിരിച്ചെടുക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കൂടുതൽ കാലം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനക്കാണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, കരാറുകാർ, അക്ഷയ സെന്ററിലെ ജീവനക്കാർ, പൊതുവിതരണ കേന്ദ്രം ജീവനക്കാർ, അഗനവാടി വർക്കർ, ഹെൽപ്പർ എന്നിവരിൽ നിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-3 ഡി & ഒ ട്രേഡ് ലൈസൻസ് - അപാകങ്ങൾ

1. ഡി & ഒ ട്രേഡ് ലൈസൻസ് അനുവദിച്ചവരിൽ നിന്നും ചട്ടപ്രകാരം ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചിട്ടില്ല

ഡി & ഒ ട്രേഡ് ലൈസൻസ് അനുവദിച്ച താഴെപ്പറയുന്നവരിൽ നിന്ന് 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| കെട്ടിട നമ്പർ | വിവരണങ്ങൾ | ലൈസൻസിയുടെ പേര് |
|---|---|---|
| 13-489 C | കോഴി ഫാം | വി.പി. ഹരിദാസൻ |
| 7-547A | കോഴി ഫാം | ഓലായിക്കര കദീസ |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ലൈവ് സ്റ്റോക്ക് ഫാമുകൾക്കും ചട്ടപ്രകാരം ലൈസൻൻസ് നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ

സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രണ്ട് സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ /ലൈസൻസിയുടെ പേര് |
|---|---|
| 1 | കൃപ ക്ലിനിക് |
| 2 | വെൽകെയർ ക്ലിനിക് |
| 3 | രജിൻരാജ് ദന്തൽ ക്ലിനിക് |
| 4 | ദിലേഷ്കുമാർ കൊടക്കാടൻ |
| 5 | രജിത.എൻ.ആർ |
| 6 | കെഎൻ മധുസൂതനൻ |
| 7 | യൂസഫ് .ടി |

ഫീൽഡ് തല പരിശോധന ഊർജ്ജിതപ്പെടുത്തി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുത്തുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഡി & ഒ ലൈസൻസ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയത് പ്രകാരം ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫിയിനത്തിൽ ഓഡിറ്റ് വർഷം ₹64200 ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുകയും മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 75/18<br>കുയ്യലാട് മുടപ്പത്തൂർ റോഡ് ടാറിംഗ് | 2700 |
| 2 | 77/18<br>തൊണ്ടിലേരി അരിക്കര റോഡ് ടാറിംഗ് | 2300 |
| 3 | 81/18<br>വട്ടേളി പരുമ റോഡ് ടാറിംഗ് | 2300 |
| 4 | 82/18<br>ഒതയോത്ത് കുന്ന് ഇരട്ടകുളങ്ങര റോഡ് ടാറിംഗ് | 3450 |
| 5 | 83/18<br>ഇടുമ്പ പാപ്പരണ മുയ്യോരത്ത് റോഡ് ടാറിംഗ് | 2700 |
| 6 | 84/18<br>കോട്ടയിൽ മുയ്യാറത്ത് റോഡ് ടാറിംഗ് | 2300 |
| 7 | 85/18<br>വട്ടോളി കോയ്യാറ്റിൽ റോഡ് റീടാറിംഗ് | 2700 |

| | | |
|---|---|---|
| 8 | 86/18<br>മൊടേളി തൊടീക്കളം അമ്പലം റോഡ് ടാറിംഗ് | 2300 |
| 9 | 88/18<br>കിഴവക്കൽ ഓത്യോട്ട് റോഡ് ടാറിംഗ് | 2700 |
| 10 | 91/18<br>ഇരട്ടകുളങ്ങര വലിയവെളിച്ചം റോഡ് ടാറിംഗ് | 2300 |
| 11 | 93/18<br>ഞാലിൽ അത്തോളിമ്മൽ റോഡ് ടാറിംഗ് | 4050 |
| 12 | 94/18<br>കണ്ണിച്ചാൽകണ്ടി പാലാപ്പറമ്പ് റോഡ് ടാറിംഗ് | 2700 |
| 13 | 95/18<br>പന്ത്രണ്ടാം മൈൽ കരിയിൽ റോഡ് ടാറിംഗ് | 2300 |
| 14 | 98/18<br>പരശ്ശൂർ ഉഴിഞ്ഞാട്ട് റോഡ് ടാറിംഗ് | 2300 |
| 15 | 99/18<br>അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിന് കെട്ടിട നിർമ്മാണം | 3900 |
| 16 | 104/18<br>ഇഞ്ചിമെട്ട് കുറുന്തോട്ടുംചാൽ റോഡ് ടാറിംഗ് & പാച്ച് വർക്ക് | 2500 |
| 17 | 106/18<br>സ്കൂളുകൾക്ക് ഷീ ടോയ് ലറ്റ് | 2700 |

| | | |
|---|---|---|
| 18 | 153/18<br>ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം | 5600 |
| 19 | 100/18<br>സി.ഡി.എസ്. കെട്ടിടത്തിന് ചോർച്ച തടയൽ | 2200 |
| 20 | 111/18<br>അംഗനവാടികൾക്ക് പെയിന്റിംഗും അറ്റകുറ്റപ്പണിയും | 2000 |
| 21 | 149/18<br>ഉരട്ടക്കുളങ്ങര അംഗൻവാടി പുതുക്കിപ്പണിയൽ | 3200 |
| 22 | 150/18<br>ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണം | 5000 |
| | ആകെ | 64200 |

## **2-5** <u>സേവന ഉപനികുതി ചുമത്താവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്</u>

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സേവനങ്ങൾ ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കുന്നതിനാൽ അവയ്ക്ക് സേവന ഉപനികുതി ചുമത്തുന്ന കാര്യം, താരതമ്യേനെ തനത് വരുമാനം കുറവായ ഗ്രാമ പഞ്ചായത്ത് എന്ന നിലയിൽ പരിശോധിക്കാവുന്നതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>ശമ്പള പരിഷ്കരണ കുടിശ്ശിക ആധികം അനുവദിച്ചത്</u>

<u>തിരിച്ചടക്കേണ്ടതാണ്.</u>

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2017-18 വർഷം 2014 ജൂലൈ മുതൽ പ്രാബല്യമുള്ള രണ്ടു ഗഡു ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ അവധി, ഡയസ് നോൺ തുടങ്ങിയവ കണക്കിലെടുക്കാതെയാണ് ശമ്പളക്കുടിശ്ശിക അനുവദിച്ചിട്ടുള്ളത്. മൂന്നുമാസം തുടർച്ചയായി ശൂന്യവേതന അവധിയിലായിരുന്ന ജീവനക്കാർക്കും അവധിക്കാലം കണക്കിലെടുക്കാതെ ശമ്പളക്കുടിശ്ശിക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. വൗച്ചർ നമ്പർ / തീയ്യതി : 21700342/31.08.2017 തുക : ₹1,76,268

2. വൗച്ചർ നമ്പർ / തീയ്യതി : 21700575/24.11.2017 തുക : ₹.1,41,730

| ക്രമ നമ്പർ | പേര്<br>തസ്തിക | ഡയസ് നോൺ | ശൂന്യവേതന<br>അവധി |
|---|---|---|---|
| 1 | നിഷ അച്ചുതൻ<br>അസി. സെക്രട്ടറി | 02.09.2015,<br>22.01.2015, 12.01.2016 | ഇല്ല |
| 2 | സരസൻ. ബി.<br>ഹെഡ് ക്ലർക്ക് | 12.01.2016 | ഇല്ല |
| 5 | നിഷ. എം.<br>ഹെഡ് ക്ലർക്ക് | 12.01.2016,<br>02.09.2015 | ഇല്ല |
| 11 | കെ. വി. ജോസഫൈൻ<br>പി. ടി. എസ്. | ഇല്ല | 04.07.2015 മുതൽ<br>03.10.2015 വരെ |

ജീവനക്കാർക്ക് അനർഹമായി അനുവദിച്ച തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 3-2 <u>പ്രാദേശിക വിപണനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 25/18

പ്രോജക്ടിന്റെ പേര് : പ്രാദേശിക വിപണനകേന്ദ്രം

അടങ്കൽ : ₹1,50,000 വികസനഫണ്ട്

ചെലവ് : ₹ 14,040 ബിൽ നമ്പർ / തീയ്യതി : 21/17-18/26.3.2018

: ₹ 75,040 ബിൽ നമ്പർ / തീയ്യതി : 20/17-18/24.03.2018

: ₹ 13,452 ബിൽ നമ്പർ / തീയ്യതി : 23/17-18/27.03.2018

ആകെ : ₹ 1,02,532

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച മൂന്ന് പ്രാദേശിക വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മേൽ പ്രോജക്റ്റ് പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ₹1,02,532 ചെലവഴിച്ചിട്ടുണ്ട്. 12.04.2018 മുതലാണ് വിപണനകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമായത്. ഗ്രാമ പഞ്ചായത്തിലെ പൂവത്തിൻകീഴ്, മാനന്തേരി, കണ്ണവം എന്നിവിടങ്ങളിലാണ് വിപണനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. കൃഷി ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മാനന്തേരി, കണ്ണവം എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാകുന്നു. വിപണനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയത് അനുചിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ : 129/18

പ്രോജക്റ്റിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള ഫർണിച്ചർ വാങ്ങൽ

അടങ്കൽ : ₹ 20,000 വികസനഫണ്ട്

ചെലവ് : ₹ 20,000

ബിൽ നമ്പർ / തീയ്യതി : 6/17-18/21.2.2018

മേൽപ്രോജക്റ്റ് പ്രകാരം നാലു വിദ്യാർത്ഥികൾക്ക് ₹ 5,000 വീതം വിലയുള്ള ഫർണിച്ചർ (മേശ, കസേര) വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ ഒരു ഗുണഭോക്താവ് അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിയാണ്. പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനമാണ് സർക്കാർ ഇത്തരം പ്രോജക്റ്റുകളിലൂടെ ലക്ഷ്യമിടുന്നത്. അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ<br>പ്രോജക്റ്റിന്റെ പേര് | തുക ₹ | തുക നൽകിയ സ്ഥാപനം | ബിൽ നമ്പർ/ തീയ്യതി |
|---|---|---|---|---|
| 1 | 154/18 | 1,00,000 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 19/17-18/ 27.01.2018 |

| | | | | |
|---|---|---|---|---|
| | എ.ബി.സി. പദ്ധതി ജില്ലാ പഞ്ചായത്തിന് തുക നൽകുന്നത് | | | |
| 2 | 4/18<br>ഐ.കെ.എമ്മിന് വിഹിതം നൽകൽ | 39,755 | ഐ.കെ.എം. | 18/17-18/ 27.01.2018 |

## 3-5 സാന്ത്വന പരിചരണ പദ്ധതി മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ PHC

പ്രോജക്ട് നമ്പർ : 73/18

പ്രോജക്ടിന്റെ പേര് : സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ : ₹500000 വികസന ഫണ്ട്

: ₹100000 ജില്ലാ പഞ്ചായത്ത് വിഹിതം

: ₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹700000

ആകെ ചെലവ് തുക : ₹600000

സാന്ത്വന പരിചരണ പദ്ധതിയിൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ₹161865 നൽകിയിട്ടുണ്ടെങ്കിലും ₹142660 യുടെ മരുന്നുകളും ഉപകരണങ്ങളും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കിവരുന്ന മരുന്നുകളും ഉപകരണങ്ങളും ലഭിക്കുവാൻ നപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയില്ല കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾ കരാറുകാർ യഥാസമയം പൂർത്തിയാക്കുകയോ കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

1. കൈച്ചേരി മൊടോളി റോഡ് റീ ടാറിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 74/18

പ്രോജക്ടിന്റെ പേര് : കൈച്ചേരി മൊടോളി റോഡ് റീ ടാറിംഗ്

അടങ്കൽ : ₹ 3,80,000 മെയിന്റനൻസ് ഫണ്ട് റോഡ്

: ₹ 20,000 തനത് ഫണ്ട്

ആകെ : ₹ 4,00,000

ചെലവ് തുക : ₹3,80,000 ബിൽ നമ്പർ : 35/17-18/22-3-2018

: ₹13,646 ചെക്ക് നമ്പർ : 7724642/28-3-2018

ആകെ : ₹ 3,93,646

കരാറുകാരൻ : കെ. ടി. വിനോദ്

കരാർ : AE/LSGD/CPBA/6/17-18/8-12-2017

കരാർ തുക : ₹ 3,80,000

അളവ് പുസ്തകം : 6/17-18

പ്രവൃത്തി ആരംഭിച്ച തീയ്യതി : 8-12-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 7-3-2018

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 20-3-2018

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം : 13 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : ഇല്ല

കൈച്ചേരി മൊടോളി റോഡ് റീ ടാറിംഗ് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് കരാറുകാരൻ 13 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ അത് അനുവദിക്കുകയോ ചെയ്തിട്ടില്ല. കരാറുകാന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കത്തതിന്റെ പിഴ ഈടാക്കിയിട്ടില്ല.

2. മൊടോളി തൊടീക്കളം റോഡ് ടാറിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 137/18 സ്പിൽ ഓവർ

പ്രോജക്ടിന്റെ പേര് : മൊടോളി തൊടീക്കളം റോഡ് ടാറിംഗ്

അടങ്കൽ : ₹ 3,50,491 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹ 94,509 മെയിന്റനൻസ് ഫണ്ട് റോഡ്

: ₹ 5,000 തനത് ഫണ്ട്

ആകെ : ₹ 4,50,000

ചെലവ് തുക : ₹ 3,50,491 ബിൽ നമ്പർ : 18/17-18/31-1-2018

: ₹ 94,509 ബിൽ നമ്പർ : 19/17-18/31-1-2018

: ₹1,463 ചെക്ക് നമ്പർ :

ആകെ : ₹ 446463

കരാറുകാരൻ : കെ. ടി. വിനോദ് 0.01 % below Estimate rate

കരാർ : AE/LSGD/CPBA/33/16-17/4-3-2017

കരാർ തുക : ₹ 449386

അളവ് പുസ്തകം : 33/16-17

പ്രവൃത്തി ആരംഭിച്ച തീയ്യതി : 4-3-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 03-07-2017

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 9-1-2018

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം : 190 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : ഇല്ല

കൈച്ചേരി മൊടോളി റോഡ് റീ ടാറിംഗ് എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് കരാറുകാരൻ 190 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ അത് അനുവദിക്കുകയോ ചെയ്തിട്ടില്ല. കരാറുകാന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന്റെ പിഴ ഈടാക്കിയിട്ടില്ല.

കരാർ വ്യവസ്ഥ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ പിഴ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 ഇടുമ്പ സ്കൂളിന് കക്കൂസ് നിർമ്മാണം - ₹1,90,938 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 107/18

പ്രോജക്ടിന്റെ പേര് : ഇടുമ്പ സ്കൂളിന് കക്കൂസ് നിർമ്മാണം

അടങ്കൽ : ₹ 1,80,000 വികസന ഫണ്ട്

: ₹ 20,000 തനത് ഫണ്ട്

ആകെ : ₹ 2,00,000

ചെലവ് തുക : ₹1,80,000 ബിൽ നമ്പർ : 39/17-18/24-3-2018

: ₹10,938 ചെക്ക് നമ്പർ : 7724647/26-3-2018

ആകെ : ₹1,90,938

കൺവീനർ : അജേഷ്. പി. PTA പ്രസിഡന്റ്

കരാർ : AE/LSGD/CPBA/36/17-18/16-12-2017

അളവ് പുസ്തകം : 36/17-18

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ എയ്ഡഡ് സ്കൂളായ ഇടുമ്പ എൽ.പി. സ്കൂളിന് കക്കൂസ് നിർമ്മാണം എന്ന മേൽ പ്രോജക്ട് പ്രകാരം ₹1,90,938 ചെലവഴിച്ചിട്ടുണ്ട്. കൺവീനറായ PTA പ്രസിഡന്റ് മുഖേന നടപ്പിലാക്കിയ ഈ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1.പ്രവൃത്തിയുമായി ബന്ധപ്പെട്ട Site Plan, Location Map എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.നിർമ്മിക്കാനുദ്ദേശിച്ച കക്കൂസിന്റെ അളവുകളെക്കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3.ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചതെന്ന് വ്യക്തമാകുന്ന തരത്തിലുള്ള ബോർഡുകളോ എഴുത്തുകളോ കെട്ടിടത്തിൽ വച്ചിട്ടില്ല.

4.പ്രോജക്ടിന്റെ മോണിറ്ററിഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

5.കൺവീനർ ചെലവഴിച്ച തുകകളിൽ പലതും ഗുണഭോക്തൃ കമ്മിറ്റിയുടെ ആദ്യ യോഗ തീയ്യതിയായ 10-12-2017 നം കൺവീനർ കരാറിലേർപ്പെട്ട തീയ്യതിയായ 16-12-2017 നം മുൻപുള്ളതാണ്.

6.ഫയലിൽ സൂക്ഷിച്ചിട്ടുള്ള NMR ജനവരി 2017, ഫെബ്രുവരി 2017 എന്നീ മാസങ്ങളിലേതാണ്.

7.കരാറിലേർപ്പെടുന്നതിന് മുൻപായി പ്രവൃത്തി ആരംഭിക്കുന്നതിന് അനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.

8.പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് ₹1,90,938 നൽകിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ₹141982 യുടെ വൗച്ചർ മാത്രമാണ് ലഭ്യമാക്കിയത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൺവീനർ ചെലവഴിച്ച തുക | കാഷ് ബിൽ / വൗച്ചർ തീയ്യതി | കാഷ് ബിൽ പ്രകാരം ചെലവിനം |
|---|---|---|---|
| 1 | 240 | 11-8-2017 | വിവരം ലഭ്യമല്ല |
| 2 | 4200 | 17-5-2017 | Dustrent |
| 3 | 36750 | 20-12-2017 | Cement, Sand, Steel |

| | | | |
|---|---|---|---|
| 4 | 26880 | 10-1-2018 | Cement, Sand |
| 5 | 1500 | 10-8-2017 | Toilet fittings |
| 6 | 2640 | 5-8-2017 | Toilet fittings |
| 7 | 9202 | 4-8-2017 | Toilet fittings |
| 8 | 420 | 24-5-2017 | Nail |
| 9 | 6050 | December 2017 | NMR |
| 10 | 28400 | January 2017 | NMR |
| 11 | 25700 | February 2017 | NMR |
| ആകെ | 141982 | | |

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇടുമ്പ സ്കൂളിന് കക്കൂസ് നിർമ്മാണത്തിന് ചെലവഴിച്ച ₹1,90,938 തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 85000 | 26/18 നെൽകൃഷിക്ക് കൂലിചെലവ് | 85000 | ഇല്ല |
| 2 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 87500 | 27/18 പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 87500 | ഇല്ല |
| 3 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 300000 | 120/18 പാലുൽപ്പാദന ബോണസ് | 300000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 4 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 100000 | 73/18<br>സ്വാന്ത്വന പരിചരണം | 100000 | ഇല്ല |
| 5 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 130925 | 60/18<br>ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 130925 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ലഭ്യമല്ല | 1,10,39.495 | 10,46,866 | 10,46,866 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4462/27-6-2015 | ₹20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹12314 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2008-09 | 3-2 | 1000 | ലത കക്കണി | 117030103087/13-12-2017 |
| 2008-09 | 3-2 | 1000 | സൗമ്യ. കെ. | 117030103088/13-12-2017 |
| 2016-17 | 3-8 | 5967 | കെ. വി. ധർമ്മരാജൻ | 117030104560/24-2-2018 |
| 2016-17 | 3-8 | 4347 | കെ. വി. ധർമ്മരാജൻ | 117030104561/24-2-2018 |
| ആകെ | | 12314 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 45866899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 48046892 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 190938 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-7 | 1,90,938 | ശ്രീ. രാജീവൻ. ടി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 190938 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജീവൻ. ടി. | അസിസ്റ്റന്റ് എഞ്ചിനിയർ<br>ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | സാറ ഹിൽസ്<br>മനേക്കര,<br>പി.ഒ – പന്ന്യന്നൂർ,<br>670671 |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 2-650/18 തീയതി 12-04-18 | 3 |
| 2004-05 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 2-650/18 തീയതി 12-04-18 | 1 |
| 2005-06 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 7-560/18 തീയതി 10-04-18 | 1 |
| 2007-08 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 7-560/18 തീയതി 10-04-18 | 4 |
| 2008-09<br>2009-10<br>2010-11 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 7-560/18 തീയതി 10-04-18 | 11 |
| 2011-12<br>2012-13 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 7-560/18 തീയതി 10-04-18 | 7 |
| 2013-14<br>2014-15 | നം.എൽ.എഫ്/കെ.എൻ.ആർ/സി 10/1046/16 തീയതി 4-07-16 | 13 |
| 2015-16 | നം.കെ.എസ്.എ /കെ.എൻ.ആർ/സി 9-2063/16 തീയതി 7-12-16 | 10 |
| 2016-17 | നം.കെ.എസ്.എ /കെ.എൻ.ആർ /സി.8/1643/17തീയതി 20-10-17 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.8/186/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 22.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF CHITTARIPARAMBA GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 16177366.75<br>22141.00 |

| | Receipts | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 1413680 |
| 130000000 | Rental Income from Panchayat Properties | RP-3 | 1200 |
| 140000000 | Fees & User Charges | RP-4 | 254317 |
| 150000000 | Sale & Hire Charges | RP-5 | 110351 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36790842 |
| 171000000 | Interest Earned | RP-9 | 132108 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2903935 |
| 350000000 | Other Liabilities | RP-36 | 86686 |
| Non operating | | | |
| 180000000 | Other Income | RP-10 | 2040 |
| 311000000 | Earmarked Fund | RP-29 | 69072 |
| 340000000 | Deposits Received | RP-34 | 78797 |
| 350000000 | Other Liabilities | RP-36 | 193287 |
| 431000000 | Sundry Debtors (Receivables) | RP-43 | 3824584 |
| 460000000 | Loans, Advances and Deposits | RP-47 | 6000 |
| Grand Total | | | 62066406.75 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3152198 |
| 220000000 | Administrative Expenses | RP-12 | 649256 |
| 230000000 | Operations & Maintenance | RP-13 | 649100 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4524911 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13463356 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1343985 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 106255 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 584240 |
| 255000000 | Maintance Projects | RP-20 | 1880000 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000 |
| 280000000 | Prior Period Item | RP-26 | -13314 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Othes Liabilities | RP-36 | 3983013 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1191 |
| 311000000 | Earmarked Funds | RP-29 | 70000 |
| 330000000 | Secured Loans | RP-32 | 1046866 |
| 340000000 | Deposits Received | RP-34 | 64057 |
| 350000000 | Other Liabilities | RP-36 | 2778880 |
| 410000000 | Fixed Assets | RP-38 | 12731363 |
| 412000000 | Capital Work in Progress | RP-40 | 686960 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 343575 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 13977666.75<br>41848 |
| Grand Total | | | 62066406.75 |

## അനുബന്ധം-2-2

# NCOME AND EXPENDITURE STATEMENT OF CHITTARIPARAMBA GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4900317 |
| 130000000 | Rental Income from Panchayat Properties | I-3 | 68640 |
| 140000000 | Fees & User Charges | I-4(b) | 423087 |
| 150000000 | Sale & Hire Charges | I-5(b) | 110351 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 89547681 |
| 171000000 | Interest Earned | I-8 | 132108 |
| 180000000 | Other Income | I-9 | 2040 |
| A | Total Income | | 95184224 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9804721 |
| 220000000 | Administrative Expenses | I-11(b) | 664248 |
| 230000000 | Operations & Maintenance | I-12(b) | 649100 |
| 240000000 | Interest & Finance Charges | I-13 | 1191 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8898410 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28665304 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1345845 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 106255 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 44696240 |
| 255000000 | Maintance Projects | I-14(e) | 1880000 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 0 |
| 260000000 | Grants Contributions and Compensations from Own Fund | I-15 | 1000 |
| 270000000 | Provisions and Write off | I-16 | 8542 |
| 272000000 | Depreciation | I-17(a) | 14580048 |
| B | Total Expenditure | | 111300904 |
| C=A-B | Gross Surplus / Defict Income over Expenditure | | -16116680 |
| D= 280000000 | Prior Period Item | I-18 | 268212 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -16384892 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF CHITTARIPARAMBA GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -11645188.85 |
| 311000000 | Earmarked Funds | B-2 | 50504 |
| 312000000 | Reserves | B-3 | 55895764 |
| | Total Reserve & Surplus | | 44301079.15 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1150172 |
| | Total Grants,Contribution for specific purposes | | 1150172 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 3307829 |
| 350000000 | Other Liabilities | B-9 | 845414 |
| | Total Current Liabilities and Provisions | | 4153243.6 |
| | TOTAL LIABILITIES | | 49604494.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 56182928 |
| 411000000 | Accumulated Depreciation | B-11 | -21711723 |
| 412000000 | Capital Work In Progress | B-11(a) | 686960 |
| | Total Fixed Assets | | 35158165 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 272994 |
| 450000000 | Cash and Bank balance | B-17 | 14019514.75 |
| 460000000 | Loans, Advances and Deposits | B-18 | 153821 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 14446329.75 |
| | TOTAL ASSETS | | 49604494.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.